**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **10-06-2021 - ൽ മറുപടിയ്ക്ക്**

**കോതറത്തോട് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട് നിയോജകമണ്ഡലത്തിൽ ചമ്പക്കുളം-നെടുമുടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നെടുമുടി, ചമ്പക്കുളം എന്നീ വില്ലേജുകളിലായി കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) ആലപ്പുഴ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥനത്തിൽ 14/08/2020ലെ സ.ഉ(സാധാ) നം. 2611/2020/റവന്യൂ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസർ ആയ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ആലപ്പുഴക്ക് നിർദേശം നല്കിയിട്ടുള്ളതാണ്. തുടർന്ന് 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്റ്റിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 21/10/2020-ലെ ബി1-1425/2020 പ്രകാരം പുറപ്പെടുവിക്കുകയും 20/01/2021-ലെ 225-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 5% കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റ്, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | ഇതിന്റെ കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുത്ത് പാലം നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നെടുമുടി, ചമ്പക്കുളം എന്നീ വില്ലേജുകളിലായി കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) ആലപ്പുഴ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥനത്തിൽ 14/08/2020ലെ സ.ഉ(സാധാ) നം. 2611/2020/റവന്യൂ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസർ ആയ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ആലപ്പുഴക്ക് നിർദേശം നല്കിയിട്ടുള്ളതാണ്. തുടർന്ന് 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 21/10/2020-ലെ ബി1-1425/2020 പ്രകാരം പുറപ്പെടുവിക്കുകയും 20/01/2021-ലെ 225-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 5% കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (സി) | പ്രസ്തുത പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ (ബി) വകുപ്പിന്റെ 14.08.2020-ലെ ജി.ഒ.(ആർടി) നം.2611/2020/ആർ.ഡി. ഉത്തരവിൽ പിഴവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് പിഴവാണ് ഉണ്ടായിട്ടുള്ളത്, ഏതൊക്കെ തലങ്ങളിലാണ് പിഴവ് സംഭവിച്ചത്, ഇത് തിരുത്തി ഉത്തരവ് ഇറക്കാൻ വൈകുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കുമോ? | (സി) | കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനയിൽ ഏറ്റെടുക്കേണ്ട ഭൂമി ഏത് ബ്ലോക്കിൽ ഉൾപ്പെട്ട വരുന്നു എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. പ്രസ്തുത വില്ലേജുകളിൽ ഒന്നിലധികം ബ്ലോക്കുകൾ ഉൾപ്പെട്ടു വരുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമി ബന്ധപ്പെട്ട വില്ലേജുകളിൽ ഏത് സർവ്വേ ബ്ലോക്കിൽ ഉൾപ്പെട്ടു വരുന്നു എന്നത് വ്യക്തമാക്കി പുതുക്കിയ അർത്ഥനയും ഭരണാനുമതിയും സമർപ്പിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസർ അർത്ഥനാധികാരിക്ക് 20/01/2021, 22/04/2021 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതുമാണ്. പുതുക്കിയ അർത്ഥന ജില്ലാ കളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് 14/08/2020-ലെ സ.ഉ(സാധാ) നം. 2611/2020/റവന്യൂ പ്രകാരം പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ